നം. CEE/4050/2016/ KEAM -2017/TA.1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## സ്വാശ്രയ ഫാർമസി കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം-2017 രേഖകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സർക്കാരും, സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജ് മാനേജ്മെന്റുകളുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ പ്രകാരം ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 20% സീറ്റുകൾ പ്രസ്തുത കോളേജ് പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

ഈ വിഭാഗത്തിൽപ്പെട്ട കോളേജുകളുടെ തരം തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**പട്ടിക 1 (റവന്യൂ അധികാരികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ട കോളേജുകൾ)**

| Sl. No. | College code | Institution | Minority Community | Authority to issue Certificates |
|---|---|---|---|---|
| 1 | AFB | Al Shifa College of Pharmacy, Poonthavanam P O, Kizhattur, Perinthalmanna, Malappuram | Muslim | Revenue Authorities |
| 2 | JDB | J DT Islam College of Pharmacy, Marikunnu, Kozhikode | Muslim | |
| 3 | MKB | Malik Deenar College of Pharmacy, Seethangoli, Bela P O, Kasaragod | Muslim | |

പട്ടിക 1-ൽ ചേർത്തിട്ടുള്ള കോളേജുകളിൽ 20% മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയുടെ അപേക്ഷയോടൊപ്പം ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത പക്ഷം പുതുതായി **ജാതി സർട്ടിഫിക്കറ്റ്** ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നും വാങ്ങി സമർപ്പിക്കേണ്ടതാണ്. ഇത്തരക്കാർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2017-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Community Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കമ്മ്യൂണിറ്റി സെലക്ട് ചെയ്യുമ്പോൾ ലഭ്യമാകുന്ന പ്രൊഫോർമയുടെ പ്രിന്റൗട്ട് എടുത്ത് ഒപ്പിട്ട ശേഷം, അതത് വില്ലേജ് ഓഫീസർമാരിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് വാങ്ങി മേൽപ്പറഞ്ഞ പ്രൊഫോർമയോടൊപ്പം **2017 ജൂലൈ 8 വൈകുന്നേരം 5 മണിക്ക് മുൻപായി** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മുസ്ലിം കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ മേൽപ്പറഞ്ഞ കോളേജുകളിൽ അവരുടെ ഓപ്ഷനുകൾ നിലവിലുള്ള പക്ഷം അതത് കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതാണ്. കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ പ്രൊഫോർമ ലഭ്യമാകുന്നതല്ല. ഇത്തരം വിദ്യാർത്ഥികൾ പുതുതായി ജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ പാടുള്ളതല്ല.

**പട്ടിക 2** (മറ്റ് ന്യൂനപക്ഷ സമുദായ കോളേജുകൾ)

| Sl. No | College code | Institution | Minority Community | Authority to issue Certificates |
|---|---|---|---|---|
| 1 | MZB | Mount Zion College of Pharmaceutical Science and Research, Adoor, Pathanamthitta | Pentecost | Parish Priest of TPM Church |
| 2 | NAB | Nazareth College of Pharmacy, Othera, Thiruvalla, Pathanamthitta | Christian | Vicar of Parish |
| 3 | NMB | Nirmala College of Pharmacy, Muvattupuzha, Ernakulam | Christian | Parish Priest |
| 4 | PCB | Pushpagiri College of Pharmacy, Perumthuruthy P O, Thiruvalla, Pathanamthitta | Syro Malankara Catholic belonging to Archdiocese of Tiruvalla excluding suffragon dioceses of Moovattupuzha, Bathery and Puthoor | Rev.Dr.Mathew Mazhavancheril, Director (Academics&Research), Pushpagiri Group of Institutions, Tiruvalla. |
| 5 | SCB | St. Joseph's College of Pharmacy, Cherthala, Alappuzha | RCSC | Concerned Parish Priest/Vicar of the Local Syro Malabar Parish |
| 6 | JCB | St. James College of Pharmaceutical Sciences, River Bank, Chalakudy, Thrissur | Syrian Christian Community of Irinjalakuda Catholic Diocese | Vicar of the Parish/Parish Priest |

പട്ടിക 2-ൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളിൽ മൈനോറിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2017-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Community Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കോളേജ് സെലക്ട് ചെയ്യുമ്പോൾ ലഭ്യമാകുന്ന പ്രൊഫോർമയുടെ പ്രിന്റൗട്ട് എടുത്ത് ഒപ്പിട്ട ശേഷം അതത് കോളേജ് അധികൃതരുടെ മുൻപാകെ ഹാജരായി ആവശ്യമായ രേഖകൾ **2017 ജൂലൈ 7 വൈകുന്നേരം 5 മണിക്ക് മുൻപായി** സമർപ്പിക്കേണ്ടതാണ്. ഈ വിദ്യാർത്ഥികളുടെ ലിസ്റ്റും സമർപ്പിക്കപ്പെട്ട രേഖകളും കോളേജ് അധികൃതർ **2017 ജൂലൈ 8 വൈകുന്നേരം 5 മണിക്ക് മുൻപായി** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

**കുറിപ്പ്:-** സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലെ മൈനോറിറ്റി ക്വാട്ടയിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ പ്രസ്തുത ക്വാട്ട ലഭ്യമായ കോളേജുകളിലേക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ **2017 ജൂലൈ 6** മുതൽ **8** വരെയുള്ള തീയതികളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
04.07.2017